**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.428**
**28.02.2017 ൽ മറുപടി നൽകേണ്ടത്**

**<u>ക്ഷേമപെൻഷൻ</u>**

**<u>ചോദ്യം</u>**
ശ്രീ. ഇ.കെ.വിജയൻ

**ഉത്തരം**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>ക്ഷേമപെൻഷൻ</u>**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമനിധിയിൽ അംഗമായി വിഹിതം അടച്ച് പെൻഷൻ ലഭിക്കുന്ന ആൾക്ക് മറ്റ് ക്ഷേമപെൻഷന് അർഹതയുണ്ടോ; | മറ്റ് ക്ഷേമപെൻഷനുകൾക്ക് അർഹതയുണ്ടാകില്ല. എന്നാൽ നിബന്ധനകൾക്ക് വിധേയമായി സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കും. |
| (ബി) | ഏതൊക്കെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവർക്കാണ് മറ്റ് ക്ഷേമപെൻഷന് അർഹതയുള്ളത് എന്ന് വ്യക്തമാക്കുമോ? | ക്ഷേമപെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷൻ) ലഭിക്കുന്നതിനു വേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതാണ്. ക്ഷേമനിധികളിൽ നിന്ന് 1000 രൂപാ നിരക്കിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് ഇതിനോടകം ലഭിച്ച് കൊണ്ടിരുന്ന സാമൂഹ്യ സുരക്ഷ പെൻഷനുകളിൽ ഒരെണ്ണം 600 രൂപ നിരക്കിൽ തുടർന്നും ലഭിക്കും. രണ്ടാമത്തെ പെൻഷൻ ഇനി പുതിയതായി അനുവദിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ